LIBRARY ARCHIVES Kerala Legislative Assembly

കീരംപാറ പഞ്ചായത്തിലെ കുടിവെള്ള പ്രശ്നം

159(664) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കീരംപാറ പഞ്ചായത്തിലെ കുടിവെള്ള പ്രശ്നത്തിന്റെ ശാശ്വത പരിഹാരത്തിനുവേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കീരംപാറ-കാളകുടവ് കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത കുടിവെള്ള പദ്ധതി ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

(ബി) ഇവിടെ എത്ര കോടി രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ?

25.18 കോടി രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട എന്തെല്ലാം പ്രവർത്തികളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി SLSSC ലിസ്റ്റിൽ ചേർത്ത് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു കൂടാതെ ഗ്രാമപഞ്ചായത്തുതല കർമ്മ പദ്ധതി രേഖക്കായി ഇവ കീരംപാറ പഞ്ചായത്തിലും സമർപ്പിച്ചിട്ടുണ്ട് .

(ഡി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഇതുവരെ നടപ്പിലാക്കിയിട്ടുള്ള പ്രവർത്തികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ?

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി SLSSC ലിസ്റ്റിൽ ചേർത്ത് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു കൂടാതെ ഗ്രാമപഞ്ചായത്തുതല കർമ്മ പദ്ധതി രേഖയ്ക്കായി ഇവ കീരംപാറ പഞ്ചായത്തിലും സമർപ്പിച്ചിട്ടുണ്ട് .

(ഇ) പ്രസ്തുത കുടിവെള്ള പദ്ധതി വേഗത്തിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പ്രസ്തുത കുടിവെള്ള പദ്ധതിക്ക് ഭരണാനുമതി നൽകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി, ടെൻഡർ നടപടി പൂർത്തിയാക്കി പ്രവൃത്തികൾ ആരംഭിക്കുന്നതാണ് .